നം.ഡി.സി.പി.യു(കെ)577/2023

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറുടെ
കാര്യാലയം, കെവിഎം ബിൽഡിങ്ങ്
അണ്ണാൻകുന്ന് റോഡ്, കോട്ടയം :686 001,
തീയതി : 17.02.2025
ഫോൺ : 0481 2580548

## ക്വട്ടേഷൻ നോട്ടീസ്.

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലുള്ള കുട്ടികളുടെ 24x7 എമർജൻസി റെസ്ക്യൂ സംവിധാനമായ **'ചൈൽഡ് ഹെൽപ് ലൈൻ 1098'** ന്റെ കോട്ടയം ജില്ലാതല കൺട്രോൾ റൂം കോട്ടയം തിരുവഞ്ചൂരുള്ള ഗവ ചിൽഡ്രൻസ് ഹോമിൽ പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി ശിതീകരണ സംവിധാനം ഒരുക്കുന്നതിനോടനുബന്ധിച്ച് വെന്റിലേഷൻ , ജനൽ എന്നിവയുടെ സീലിങ്ങ് വർക്കുകൾ ചെയ്യുന്നതിനും , കൂടാതെ ഒരു ഡോർ സ്ഥാപിക്കുന്നതിനും പരിചയ സമ്പന്നരായ ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു..ആയതിന്റെ വിശദീകരണം ചുവടെ ചേർക്കുന്നു.

| Sl No: | Description | No's |
|---|---|---|
| 1 | Cealing air ventilation with Glass – Size 3.5 SqFeet | 4 |
| 2 | Cealing Window with 2 pane with Glass open able - Size 14 Sq Feet | 4 |
| 3 | Aluminium door with half glass and auto closer - Size 20 Sq Feet | 1 |

ഓരോ വിഭാഗത്തിലെയും നിരക്കും കൂടാതെ മൂന്ന് വിഭാഗത്തിന്റെ ആകെ നിരക്കും (GST ഉൾപ്പടെ) ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്. കവറിന് പുറത്ത് ചൈൽഡ് ഹെൽപ്പ് ലൈൻ ഇന്റീരിയർ വർക്കിനുള്ള ക്വട്ടേഷൻ എന്ന രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ 24/02/2025 ഉച്ചകഴിഞ്ഞ് 11 മണി വരെ ഈ കാര്യാലയത്തിൽ സ്വീകരിക്കുന്നതും അന്നേദിവസം 12പി എം ന് ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് സമർപ്പിക്കുന്ന ക്വട്ടേഷൻ ബഹു. വനിതാ ശിശു വികസന ഡയറക്ടറുടെ വകുപ്പ് അനുമതിക്ക് വിധേയമായി അംഗീകരിക്കുന്നതാണ്. ക്വട്ടേഷൻ അംഗീകരിക്കുന്ന പക്ഷം 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കേതാണ്. വർക്ക് ഓർഡർ നൽകി 15 ദിവസത്തിനുള്ളിൽ ക്വട്ടേഷൻ പ്രകാരമുള്ള വർക്ക് പൂർത്തിയാക്കി വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് , ബിൽ എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ബിൽ **''DISTRICT CHILD PROTECTION OFFICER KOTTAYAM''** എന്ന പേരിൽ ലഭ്യമാക്കേണ്ടതും ബിൽ തുക സ്ഥാപനത്തിന്റെയോ ക്വട്ടേഷണറുടെയോ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ട്രാൻസ്ഫർ ചെയ്യുന്നതാണ്.ക്വട്ടേഷൻ കാരണം കൂടാതെ നിരസിക്കുന്നതിനുള്ള അധികാരം ബഹു. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അണ്ണാൻകുന്ന് റോഡിൽ പ്രവർത്തിക്കുന്ന കോട്ടയം ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൽ നിന്നും ലഭ്യമാണ്.

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് District Child Protection Unit Kottayam - 686 001 കോട്ടയം - 686 001

18/2/25

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ
കോട്ടയം - 686 001